കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - കൊണ്ടോട്ടി നഗരസഭ - ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിന് ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

OFFICE OF THE DIRECTORATE OF URBAN AFFAIRS
10 MAY 2018

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1289/18/തസ്വഭവ — തിരുവനന്തപുരം, തീയതി, 08.05.2018

---

വായന:- 1)06/09/12 ലെ സ.ഉ(സാധാ)നം.2528/12/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2)കൊണ്ടോട്ടി നഗരസഭ ചെയർമാന്റെ 03/04/18 ലെ ആർ.3.2967/18 നമ്പർ കത്ത്

## <u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ നിലവിൽ ഉപയോഗിക്കുന്ന രണ്ട് വാഹനങ്ങൾക്ക് പുറമെ ചെയർമാന്റെ ഔദ്യോഗികാവശ്യത്തിന് തനത് ഫണ്ട് വിനിയോഗിച്ച് 25 ലക്ഷം രൂപയിൽ കവിയാത്ത തുകയ്ക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നല്കണമെന്ന് കൊണ്ടോട്ടി നഗരസഭ ചെയർമാൻ മുകളിൽ വായിച്ച കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ നിലവിൽ ഉപയോഗിക്കുന്ന രണ്ട് വാഹനങ്ങളിൽ ഏറ്റവും പഴക്കംചെന്നതും ഉപയോഗശൂന്യമായ വാഹനം പൊതുലേലത്തിലൂടെ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് കണ്ടം ചെയ്തതിനുശേഷം തനത് ഫണ്ട് ഉപയോഗിച്ച് 10 (പത്ത്)ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൻ. വിശ്രുതൻ ആചാരി**
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ/സെക്രട്ടറി, കൊണ്ടോട്ടി നഗരസഭ, മലപ്പുറം ജില്ല
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Web - ~~